# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി- ജി റാം ജി നിയമം ഇന്ന് പ്രാബല്യത്തിൽ വരും.

   **Viksit Bharat- Guarantee for Rozgar and Ajeevika Mission (Gramin) [VB-G RAM G] Act, 2025 will come into force across rural India with effect from today.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറാൻ പ്രസിഡന്റുമായി ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യൻ സംഘർഷം ഇരുനേതാക്കളും ചർച്ച ചെയ്തു.

   **Prime Minister Narendra Modi held a telephone conversation with the Iranian President Dr. Masoud Pezeshkian. The two leaders discussed the conflict in West Asia.**

3. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ജപ്പാൻ പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ എത്തും. പതിനാറാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ നാളെ പങ്കെടുക്കും.

   **The Prime Minister of Japan will arrive in New Delhi today on a three-day visit. He will participate in the 16th India-Japan Annual Summit tomorrow.**

4. 16-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം ഇന്ന് സമാപിക്കും. ധനബിൽ ഇന്ന് പാസാക്കും.

   **The first session of the 16th Keralam Legislative Assembly will conclude today. The Finance Bill will be passed.**

5. **കേരളത്തിൽ വടക്കൻ ജില്ലകളിൽ മഴ കനക്കും. ഓറഞ്ച് ജാഗ്രതയുടെ പശ്ചാതലത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

   **Heavy rainfall is expected to intensify in the northern districts of Keralam. In view of the Orange Alert, educational institutions in Kannur and Kasaragod districts will remain closed today. Fishing has been banned along the Keralam, Karnataka and Lakshadweep coasts.**

6. **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഫ്രാൻസും നോർവെയും പ്രീക്വാർട്ടറിൽ.**

   **In the FIFA World Cup, France and Norway advanced to the pre-quarterfinals.**

## VB G RAM G - IMPLEMENT (INTRO)

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി- ജി റാം ജി നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. അർഹതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും വേതനത്തോടു കൂടിയ തൊഴിലുറപ്പ് 100 ദിവസത്തിൽ നിന്നും 125 ദിവസമായി ഇതോടെ വർദ്ധിപ്പിക്കും.

ഒരു റിപ്പോർട്ട്...

*(വോയിസ്)*

*രാജ്യത്തുടനീളം വിബി - ജി റാം ജി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 95,692 കോടി രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഗ്രാമീണമേഖലയെ ശാക്തീകരിക്കുകയാണ് വിബി- ജി റാം ജി നിയമത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്*

*പകരമാണ് VB-G RAM G നിയമം കൊണ്ടുവന്നത്. സമയബന്ധിതവും സുതാര്യവുമായ വേതനം ഉറപ്പാക്കാൻ ഈ നിയമം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ ജോലി നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിനും പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും യോജിച്ച്, നിയമം സുഗമമായ നടപ്പിലാക്കാൻ സാമ്പത്തികവും സാങ്കേതികവുമായ തയ്യാറെടുപ്പുകൾ സർക്കാർ പൂർത്തിയാക്കിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**********************************

## PM-IRAN PRESIDENT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറാൻ പ്രസിഡന്റ് മസൂദ് പെഷസ്കിയാനുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ചും മുന്നോട്ടുള്ള പ്രവർത്തനങ്ങളെ കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് പ്രധാനമന്ത്രി ആവർത്തിച്ചു. പ്രതിസന്ധി പരിഹരിക്കാൻ ധാരണയിൽ എത്തിയതിനെ അദ്ദേഹം സ്വാഗതം ചെയ്തു.

**********************************

## GOVT- CUSTOM DUTY

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ നിർണായക പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾക്കുള്ള കസ്റ്റംസ് തീരുവ ഇളവ് ഈ മാസം 15 വരെ നീട്ടി കേന്ദ്ര സർക്കാർ. ആഭ്യന്തര വിപണിയിൽ പെട്രോകെമിക്കലുകളുടെ മതിയായ ലഭ്യത ഉറപ്പാക്കുന്നതിനാണ് ഈ ഇളവ്. ഇതിന് പുറമെ എൽപിജി ഉൽപാദനത്തിൽ കൂടുതൽ

ശ്രദ്ധ കേന്ദ്രീകരിക്കാനും സർക്കാർ പെട്രോളിയം കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**********************************

## FCRA 2.0 - AMIT SHA

വിദേശ സംഭാവന നിയന്ത്രണ നിയമവുമായി ബന്ധപ്പെട്ട FCRA 2.0 പോർട്ടലും e-OCI കാർഡും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ പുറത്തിറക്കി. FCRA പോർട്ടൽ വഴി സംഭാവനകൾ സ്വീകരിക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് ഇതിലൂടെ പരിഹാരമാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. കേന്ദ്ര ആഭ്യന്തര സെക്രട്ടറി, വിദേശകാര്യ സെക്രട്ടറി, ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ തുടങ്ങി നിരവധി മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

**********************************

## PM INTERACTION

വിവിധ മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ സേവാ തീർത്ഥിൽ ആശയവിനിമയം നടത്തി. ബിസിനസ് സുഗമമാക്കുന്നതിനും ജനങ്ങളുടെ ദൈനംദിന ജീവിതം കൂടുതൽ എളുപ്പമാക്കുന്നതിനുമായി നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതുൾപ്പെടെയുള്ള പരിഷ്കാരങ്ങൾ, ആത്മനിർഭർ ഭാരതിന്റെ ശാക്തീകരണം തുടങ്ങിയവയായിരുന്നു പ്രധാന ചർച്ചാ വിഷയങ്ങൾ. സർക്കാരിന്റെ എല്ലാ വകുപ്പുകളും ഏകോപിതമായി പ്രവർത്തിക്കുന്ന സമീപനം സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രധാനമന്ത്രി എടുത്തു പറഞ്ഞു.

**********************************

## JAPAN - PM VISIT

ജപ്പാൻ പ്രധാനമന്ത്രി സനെ തകായ്ച്ചി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. പ്രധാനമന്ത്രിയായ ശേഷമുള്ള തകയ്ച്ചിയുടെ ആദ്യ ഔദ്യോഗിക ഇന്ത്യൻ സന്ദർശനമാണിത്. നാളെ നടക്കുന്ന പതിനാറാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ ഇരു പ്രധാനമന്ത്രിമാരും പങ്കെടുക്കും. 2000 ഏപ്രിൽ മുതൽ 2026 മാർച്ച് വരെയുള്ള കാലയളവിൽ 48.17 ബില്യൺ ഡോളറിന്റെ നിക്ഷേപവുമായി ഇന്ത്യയിൽ നിക്ഷേപം നടത്തുന്ന ഏറ്റവും വലിയ അഞ്ചാമത്തെ രാജ്യമാണ് ജപ്പാൻ.

*********************************

## GOYAL-GREECE MINISTER

ധനകാര്യ സേവനങ്ങൾ, ഡിജിറ്റൽ പേയ്മെന്റുകൾ, സാങ്കേതികവിദ്യ എന്നിവയിൽ സഹകരണം വർദ്ധിപ്പിച്ച്, ഇന്ത്യ-ഗ്രീസ് സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തണമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. ഗ്രീക്ക് ധനകാര്യ മന്ത്രിയുമായി നടത്തിയ ചർച്ചയ്ക്ക് ശേഷമാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. അടിസ്ഥാന സൗകര്യ വികസനം, ഗതാഗത കണക്റ്റിവിറ്റി, സമുദ്ര മേഖല, വ്യോമയാനം, തുടങ്ങിയവയിൽ ഇന്ത്യ-ഗ്രീസ് സഹകരണം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ഗ്രീക്ക് ഗതാഗത മന്ത്രിയുമായും ശ്രീ ഗോയൽ ചർച്ച നടത്തി.

*********************************

## KVIC ACT

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ഖാദി-ഗ്രാമവ്യവസായ മേഖലയെ ആധുനികരിക്കുന്നതിനുമായി 1956-ലെ 'ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ' നിയമം ഭേദഗതി ചെയ്യാനുള്ള നിർദ്ദേശത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ഈ നിയമഭേദഗതിയിലൂടെ ഖാദി മേഖലയെ ആധുനിക കാലഘട്ടത്തിലെ സാമ്പത്തിക വ്യവസ്ഥയ്ക്ക് അനുയോജ്യമാക്കാനും

ആഗോള വിപണിയിൽ കൂടുതൽ മത്സരക്ഷമമാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

*********************************

## KERALA - ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം ഇന്ന് സമാപിക്കും. ധനബിൽ ഇന്ന് സഭ പാസാക്കും. വി.ഡി.സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ്, സ്പീക്കർ-ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് തുടങ്ങിയവയായിരുന്നു ഈ സമ്മേളനത്തിലെ സുപ്രധാന കാര്യപരിപാടികൾ.

*********************************

## CENSUS FIELD VERIFICATION (INTRO)

സെൻസസിന്റെ ഭാഗമായി വീടുകൾ തോറുമുള്ള വിവര ശേഖരണത്തിന് ഇന്നു സംസ്ഥാനത്തു തുടക്കമാകും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

*********************************

## RAIN-KERALA

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ കനക്കും. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട മുതൽ വയനാട് വരെ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*********************************

## RAIN - HOLIDAY

കനത്തമഴ കണക്കിലെടുത്ത് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിരിക്കുന്നതിനാൽ കാസർകോട്, കണ്ണൂർ ജില്ലകളിലും പുതുച്ചേരിയുടെ ഭാഗമായ മാഹിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. റസിഡൻഷ്യൽ സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ട്. മുൻ നിശ്ചയിച്ച സർവകലാശാല, പൊതു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമില്ല.

*********************************

## FIFA WORLD CUP

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, സ്വീഡനെതിരെ ഫ്രാൻസിന് ഉജ്ജ്വല ജയം. എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് സ്വീഡനെ പരാജയപ്പെടുത്തി ഫ്രാൻസ് പ്രീക്വാർട്ടറിൽ കടന്നു. ഇരട്ട ഗോൾ നേടിയ കിലിയൻ എംബാപ്പെ, ലോകകപ്പിലെ തന്റെ ആകെ ഗോൾ നേട്ടം 18 ആയി ഉയർത്തി. ഇതോടെ മിറോസ്ലാവ് ക്ലോസെയുടെ റെക്കാർഡ് മറികടന്ന എംബാപ്പെ, ലയണൽ മെസ്സിക്ക് പിന്നിലെത്തി. മെക്സിക്കോ ഇക്വഡോർ മത്സരം പുരോഗമിക്കുകയാണ്. നേരത്തെ നടന്ന മത്സരത്തിൽ ഐവറി കോസ്റ്റിനെ 2-1 ന് തോൽപ്പിച്ച് നോർവേയും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. ഇംഗ്ലണ്ട് - കോംഗോ മത്സരം ഇന്ന് രാത്രി 09:30-ന് നടക്കും.

*********************************

## T20 CRICKET - IND VS ENG

അഞ്ച് മത്സരങ്ങളടങ്ങിയ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് മത്സരം ആരംഭിക്കും. ഇന്ത്യൻ ടീമിനെ ശ്രേയസ് അയ്യറാണ് നയിക്കുന്നത്. ട്വന്റി - 20 മത്സരങ്ങൾക്ക്

ശേഷം ഇംഗ്ലണ്ടുമായി മൂന്ന് മത്സരങ്ങളടങ്ങിയ ഏകദിന പരമ്പരയിലും ഇന്ത്യ കളിക്കും.

********************************

## MANDAVIYA-ESIC MEETING

ന്യൂഡൽഹിയിൽ നടന്ന എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെ 198-ാമത് യോഗത്തിൽ കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ അധ്യക്ഷത വഹിച്ചു. ഇൻഷുർ ചെയ്യപ്പെട്ട വ്യക്തികൾക്കായുള്ള തൊഴിലില്ലായ്മ വേതന പദ്ധതിയായ 'അടൽ ബീമിത് വ്യക്തി കല്യാൺ യോജന' ഒരു വർഷത്തേക്കുകൂടി നീട്ടിയിട്ടുണ്ട്. ഇ.എസ്.ഐ.സി.യുടെ ആരോഗ്യ പരിപാലന സംവിധാനത്തിനുള്ളിൽ ആയുഷ് സേവനങ്ങളുടെ സംയോജനം, പ്രചാരണം, ശേഷി വികസനം എന്നിവയ്ക്കായി സംയുക്ത ചട്ടക്കൂട് രൂപീകരിക്കുന്നതിന് ഇ.എസ്.ഐ.സിയും ആയുഷ് മന്ത്രാലയവും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

********************************

## NIPAH, SHIGELLA - KOZHIKODE

കോഴിക്കോട് ജില്ലയിൽ നിപ ഭീതി ഒഴിഞ്ഞതായി ആരോഗ്യമന്ത്രി കെ. മുരളീധരൻ. നിലവിൽ ചികിത്സയിലുള്ള രോഗിയുടെ രണ്ട് സ്രവസാമ്പിളുകളും നെഗറ്റീവായി. രോഗബാധിതന്റെ സമ്പർക്കപ്പട്ടികയിലുണ്ടായിരുന്ന എല്ലാവരും ക്വാറന്റൈൻ വിജയകരമായി പൂർത്തിയാക്കിയതായും മന്ത്രി അറിയിച്ചു. അതേസമയം, സംസ്ഥാനത്ത് ഇന്നലെ എട്ട് പേർക്ക് ഷിഗെല്ലയും 155 പേർക്ക് ഡെങ്കിപ്പനിയും സ്ഥിരീകരിച്ചിട്ടുണ്ട്.

********************************

## TRAFFIC REGULATION

തിരുവനന്തപുരം - കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ – തിരുവനന്തപുരം സൗത്ത് - നേമം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ പുതിയ റോഡ് ഓവർ ബ്രിഡ്ജ് നിർമിക്കുന്നതിനായി നിലവിലുള്ള റോഡ് ഓവർ ബ്രിഡ്ജ് ജൂലൈ 6 മുതൽ പൂർണ്ണമായി അടച്ചിടുമെന്ന് റെയിൽവെ അറിയിച്ചു. പാപ്പനംകോട്–മലയിൻകീഴ് റോഡിലൂടെയുള്ള വാഹനഗതാഗതം നേമം സ്റ്റുഡിയോ റോഡ് വഴി തിരിച്ചുവിടും.